## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1942** **04.05.2017-ൽ മറുപടിക്ക്**

വൈപ്പിൻ സമ്പൂർണ്ണ വൈദ്യുതീകൃത മണ്ഡലമായി പ്രഖ്യാപിക്കുന്നതിന് ചെലവഴിച്ച തുക

| | ചോദ്യം<br>ശ്രീ എസ്.ശർമ്മ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | വൈപ്പിൻ മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകൃത മണ്ഡലമായി പ്രഖ്യാപിക്കുന്നതിനായി എത്ര വൈദ്യുതി കണക്ഷനുകളാണ് പുതുതായി നൽകിയതെന്ന് വ്യക്തമാക്കാമോ; | (എ) | 28.04.2017 ലെ കണക്കനുസരിച്ച് വൈപ്പിൻ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 476 വീടുകൾക്ക് വൈദ്യുത കണക്ഷൻ നൽകിയിട്ടുണ്ട്. |
| (ബി) | ഇതിലേയ്ക്ക് ആകെ എത്ര തുകയാണ് ചെലവിട്ടതെന്നും, ഇതിനായി ഏതെല്ലാം ഫണ്ടുകൾ വിനിയോഗിച്ചുവെന്നും വിശദമാക്കാമോ; | (ബി) | പദ്ധതിയ്ക്കായി വൈപ്പിൻ മണ്ഡലത്തിൽ 28.04.2017 വരെ 29,91,519/- രൂപ ചെലവഴിച്ചിട്ടുണ്ട്. എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട്, കെ.എസ്.ഇ.ബി യുടെ വിഹിതം മുതലായ ഫണ്ടുകൾ വിനിയോഗിച്ചിട്ടുണ്ട്. |
| (സി) | മൊത്തമായി വയറിംഗ് ചെയ്യാൻ നിവൃത്തിയില്ലാത്ത എത്ര ഉപഭോക്താക്കൾക്ക് സ്പോൺസർഷിപ്പ് മുഖാന്തിരം വയറിംഗ് ജോലികൾ പൂർത്തിയാക്കിയെന്ന് വിശദമാക്കാമോ; ഇതിനായി ഏതെല്ലാം ഏജൻസികളിൽ നിന്നും എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ? | (സി) | സ്വന്തമായി വയറിംഗ് ചെയ്യാൻ പ്രാപ്തിയില്ലാത്ത 16 വീടുകൾക്ക് സ്പോൺസർഷിപ്പ് മുഖാന്തിരം വയറിംഗ് ചെയ്ത് നൽകിയിട്ടുണ്ട്. ഇതിൽ നോയൽ ബിൽഡേഴ്സ് എന്ന സ്ഥാപനം തങ്ങളുടെ CSR ഫണ്ടിൽ നിന്നും 10 വീടുകൾ വയറിംഗ് ചെയ്യുന്നതിനായി കെ.എസ്.ഇ.ബി യിൽ 50,000 രൂപ നിക്ഷേപിക്കുകയും പ്രവർത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി ജീവനക്കാരുടെ സംഘടനകളും മറ്റു സുമനസ്സുകളും ബാക്കിയുള്ള 6 വീടുകൾ വയറിംഗ് ചെയ്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ